ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) : സർ, കാട്ടാക്കട പഞ്ചായത്തിലുള്ള 21,768 പേർക്ക് ശുദ്ധജലം ലഭ്യമാക്കാൻവേണ്ടി 1994-ൽ രൂപം നൽകിയതാണ് കുളത്തുമ്മൽ വില്ലേജിനുവേണ്ടിയുള്ള ഗ്രാമീണ ശുദ്ധജല വിതരണപദ്ധതി. ഈ പദ്ധതിക്ക് 66 ലക്ഷം രൂപ അടങ്കൽ തുക വരും. ഉറവിടമായി നെയ്യാർ നദിയാണ് തെരഞ്ഞെടുത്തത്. കിണറും പമ്പുഹൗസും തമ്മിൽ ഇൻഫിൽട്രേഷൻ ഗ്യാലറിയിൽകൂടി ജലം ശുദ്ധീകരിച്ച് 4420 മീ. അകലെയുള്ള 2,27,000 ലിറ്റർ ശേഷിയുള്ള ഭൂതലസംഭരണിയിൽ ശേഖരിച്ച് 17,969 മീറ്റർ വരുന്ന വിതരണശൃംഖല വഴി വിതരണം ചെയ്യാനാണ് വിഭാവനം ചെയ്തിട്ടുള്ളത്. പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുന്ന ഇൻടേക്ക് വെല്ലിന്റെയും വെൽ-കം-പമ്പ് ഹൗസിന്റെയും ഇൻഫിൽട്രേഷൻ ഗ്യാലറിയുടെയും ഭൂതലസംഭരണിയുടെയും പണി പൂർത്തിയായി. പമ്പിംഗ് മെയിനിന്റേയും വിതരണ ശൃംഖലയുടെയും പണികളും കിണറിന്റെ സംരക്ഷണ ജോലികളും തുടങ്ങിയിട്ടുണ്ട്. പദ്ധതിക്ക് ആവശ്യമായ വൈദ്യുതി ലഭിക്കുന്നതിനു വേണ്ടി 7 ലക്ഷം രൂപ ഇലക്ട്രിസിറ്റി ബോർഡിൽ അടയ്ക്കു കയും ചെയ്തു. ഈ പദ്ധതി 2000-ലെ ആറാം മാസത്തിൽ കമ്മീഷൻ ചെയ്യാനാണ് ഉദ്ദേശിച്ചിരിക്കുന്നത്. അതിനുള്ള നടപടി ദ്രുതഗതിയിൽ നടക്കുന്നു. പോരായ്മയുണ്ടെങ്കിൽ ഉദ്യോഗസ്ഥന്മാരുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കുന്നതാണ്.

(14) വൈപ്പിൻ-പടിഞ്ഞാറൻ കൊച്ചി മേഖലയിൽ ഹഡ്കോ കുടിവെള്ള പദ്ധതി പൂർത്തിയാക്കേണ്ടതിന്റെ ആവശ്യകത

ഡോ. എം. എ. കുട്ടപ്പൻ: സർ, വൈപ്പിനിലേയും കൊച്ചിയിലേയും കുടിവെള്ള ക്ഷാമത്തിന്റെ രൂക്ഷത മനസ്സിലാക്കിയ ശ്രീ. കെ. ബാബുവിനും എനിക്കും ഈ വിഷയം ഈ സഭയിൽ ഉന്നയിക്കാൻ അവസരം തന്നതിൽ അങ്ങയോട് ഞാൻ നന്ദി രേഖപ്പെടുത്തുന്നു. ഇതിന്റെ രൂക്ഷത ബഹുമാനപ്പെട്ട മന്ത്രി നേരിട്ട് പല പ്രാവശ്യം കണ്ട് ബോധ്യപ്പെട്ടതാണ്. പക്ഷേ, വിഷയം നാം നിശ്ചയിച്ചതിനേക്കാൾ ഏറെ ഈ പണി നീണ്ടുപോകുകയാണ്. ഹഡ്കോ പദ്ധതിയുടെ വൈപ്പിൻ ഘടകം അങ്ങയുടെ മുൻഗാമിയായ മന്ത്രി ബേബിജോൺ ഉറപ്പുതന്നതിന്റെ അടിസ്ഥാനത്തിൽ 1998 ആഗസ്റ്റിൽ പൂർത്തിയാക്കേണ്ടതായിരുന്നു. ഹഡ്കോയുടെ എല്ലാ പദ്ധതികളും 1999 ഫെബ്രുവരിയിൽ പൂർത്തിയാക്കേണ്ടതായിരുന്നു. രേഖ എന്റെ കൈവശമുണ്ട്. പക്ഷേ, ഇത് ഒച്ച് ഇഴയുന്ന വേഗത്തിലാണ്, നീങ്ങുന്നതേയില്ല. വളരെയേറെ ബുദ്ധിമുട്ടിലാണ്. അതുകൊണ്ട് അവിടുത്തെ ജനങ്ങൾ വളരെയേറെ പ്രക്ഷുബ്ധാവസ്ഥയിലാണ്. ഒരിക്കൽ മന്ത്രി തന്നെ നേരിൽക്കണ്ട് ബോദ്ധ്യപ്പെട്ടതാണ്. ഞാൻ ഇത് ദിവസവും അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് കഴിയുന്നത്ര നേരത്തേ പണി പൂർത്തിയാക്കണം. ഹഡ്കോ പദ്ധതി കഴിഞ്ഞ 1998-ൽ പൂർത്തിയാക്കേണ്ടതാണ്. ഇപ്പോൾ വടുതല ടാങ്ക് മാത്രമേ പൂർത്തിയായിട്ടുള്ളൂ. ആലുവയിലെ ട്രീറ്റ്മെന്റ് പ്ലാന്റിന്റെ പണി പൂർത്തിയായിട്ടുണ്ട്. കായലിലൂടെയുള്ള എച്ച്.ഡി.പി. പൈപ്പ് ഇട്ടുകൊണ്ടിരിക്കുകയാണ്. പിന്നെ ഒരു പണിയും എങ്ങും എത്തിയിട്ടില്ല. ഉദാഹരണമായി സ്റ്റീൽ പൈപ്പ് ഇടാൻ വേണ്ടിയുള്ള മൊത്തം ചെലവ് 1.3 കോടി രൂപയാണ്; പക്ഷേ, സ്റ്റീൽ പൈപ്പ് ഇടുന്നതിനു വേണ്ടി റോഡ് വെട്ടിപ്പൊളിക്കുമ്പോൾ restoration-ന് വേണ്ടിയുള്ള മൊത്തം ചെലവ് 2,54,00,000 രൂപയാണ്. എത്രയാണോ പൈപ്പിടാൻ വേണ്ടിയുള്ള ചെലവ് അതിനെക്കാൾ ഏറെയാണ് Road restoration-ന് വേണ്ടി വരുന്നത്. ആ സാംഗ്ഷൻ ഇതുവരെ കിട്ടിയിട്ടില്ല. ഈ ഒരൊറ്റ കാരണം കൊണ്ടുതന്നെ മാസങ്ങൾ നീണ്ടുപോകുകയാണ്. അതുകൊണ്ട് ദയവായി പൊതുമരാമത്തുവകുപ്പുമന്ത്രി ബന്ധപ്പെട്ട് രണ്ടര വർഷം മുൻപ് വാങ്ങിയ സ്റ്റീൽ പൈപ്പ് ലേ ചെയ്ത് ഈ വർക്ക് പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യുന്നതിനുവേണ്ടി അടിയന്തിര നടപടി അങ്ങയുടെ ഭാഗത്തു നിന്നും ഉണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

890/2010.

LIBRARY ARCHIVES Kerala Legislative Assembly

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) : ഇത് വളരെ വേഗം കമ്മീഷൻ ചെയ്യുന്നതിന് ഒരു മന്ത്രി എന്ന നിലയിൽ വളരെ കൂടുതൽ താൽപര്യം ഞാൻ എടുത്തിട്ടുണ്ട് എന്ന് ബഹുമാനപ്പെട്ട എം.എൽ.എ. മാർക്കറിയാം. ഞാൻ അവിടെ പോയി പല കോൺഫറൻസുകളും കൂടിയിട്ടുണ്ട്. ഇതിനുള്ള വലിയ ബുദ്ധിമുട്ട് സ്ഥലമെടുക്കുന്നതിലാണ്. നമുക്ക് പദ്ധതിക്ക് ആവശ്യമായിട്ടുള്ളത് 17 ഹെക്ടർ സ്ഥലമാണ്. ഇതുവരെ ലഭിച്ചിട്ടുള്ളത് 10 ഹെക്ടറാണ്. ബാക്കി സ്ഥലത്തെ സംബന്ധിച്ച് കോടതികളിൽ പോയി തടസ്സങ്ങൾ സൃഷ്ടിച്ചതുകൊണ്ട് പണി മുന്നോട്ടു നീങ്ങുന്നില്ല. ഇപ്പോൾ അവസാനമായിട്ടാണ്, ഒരു കോൺഫറൻസ് കൂടി ഇവരുമായി ചർച്ച ചെയ്തതിനുശേഷം ഒരു പാക്കേജ് പദ്ധതിക്ക് രൂപം കൊടുത്തു. പാക്കേജ് പദ്ധതിയനുസരിച്ച് അവരുടെ വില മുൻകൂർ തന്നെ എഴുതിക്കൊടുത്ത് വേഗത്തിൽ ചെയ്യുകയാണ്. അടിയന്തിരമായി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കാൻ പോകുകയാണ്. കാലതാമസം കൂടാതെ ഇതിന്റെ പണി തീർക്കുന്നതിനുള്ള നടപടി സ്വീകരിക്കും.

VI റിപ്പോർട്ടു സമർപ്പണം

(1) 2000-ലെ കേരള സംസ്ഥാന പിന്നോക്കവിഭാഗ കമ്മീഷൻ (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി ശ്രീ. പി.ജെ. ജോസഫിനു വേണ്ടി പിന്നോക്ക പട്ടികസമുദായ ക്ഷേമവകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) : സർ, VI-ാം സബ്ജക്ട് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ശ്രീ. പി.ജെ. ജോസഫിനു വേണ്ടി 2000-ലെ കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2000-ലെ കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ, (ഭേദഗതി) ബില്ലും ഞാൻ അവതരിപ്പിക്കുന്നു.

(2) അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ മുപ്പത്തിമൂന്നാമത് റിപ്പോർട്ട്

ശ്രീ. ജോസ് ബേബി : സർ, അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ മുപ്പത്തിമൂന്നാമത് റിപ്പോർട്ട് ചെയർമാനുവേണ്ടി ഞാൻ സമർപ്പിക്കുന്നു.

VII നിയമനിർമ്മാണകാര്യം

2000-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബില്ലിന്റെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദുകുട്ടി) : സർ, 2000-ത്തിലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യങ്ങൾ വിശദമാക്കുന്ന സ്റ്റേറ്റ്മെന്റും ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

മി. സ്പീക്കർ : ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly